Volume: 1, Issue: 9

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂൺ 29 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിധീകരണം

## പാറയ്ക്കാമല പാലം അവഗണനയിൽ;

# പൊലിഞ്ഞത് ഒരു ജീവൻ

**ഡെൽന ഡേവിസ്**

പാറയ്ക്കാമലയിൽ താൽക്കാലിക പാലത്തിൽ നിന്ന് തെന്നിവീണ് വയോധികന് ദാരുണാന്ത്യം. 15 അടി താഴ്ചയിൽ പതിച്ച എടപ്പുഴ കരിക്കോട്ടക്കരി സ്വദേശി ബേബി കച്ചാലിമലയിലിന്റെ തലയ്ക്കും കാലിനും ഗുരുതര പരിക്കേറ്റിരുന്നു. രണ്ടാഴ്ചയിലേറെയായി കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. 25ന് പുലർച്ചെയാണ് മരിച്ചത്. പാറയ്ക്കാമലയിലെ മരണ വീട്ടിലേക്ക് വരുന്നതിനിടെയായിരുന്നു അപകടം.

'അധികൃതരുടെ തികഞ്ഞ അനാസ്ഥയാണ് ഈ അപകടത്തിന് കാരണം. രണ്ടു വർഷമായി ഞങ്ങൾ അനുഭവിക്കുന്ന ദുരിതം പറഞ്ഞറിയിക്കാനാവില്ല. റീ-ബിൽഡ് കേരള പദ്ധതിയിൽപ്പെട്ട പാലമാണിത്. ഒരു കൊല്ലത്തിനു മുൻപ് കാസർഗോഡ് സ്വദേശി ടെൻഡർ എടുത്തെങ്കിലും തുക കുറവാണെന്ന കാരണത്താൽ അതുപേക്ഷിക്കുകയായിരുന്നു. ഇപ്പോൾ വാർത്താ പ്രാധാന്യം കിട്ടാൻ കാരണം തന്നെ ഇങ്ങനെ ഒരു അപകടമുണ്ടായതുകൊണ്ടാണ്'. പ്രദേശവാസിയായ ജോമേഷ് എ. വി. പറഞ്ഞു.

60 കുടുംബങ്ങൾ അധിവസിക്കുന്ന



**ദുരിതപാത: അയ്യൻകുന്ന് പാറയ്ക്കാമലയിലെ കോൺക്രീറ്റ് വൈദ്യുത തൂണുകൾ കൊണ്ട് തീർത്ത താൽക്കാലിക നടപ്പാലം**

ഈ പ്രദേശത്ത് 2018 ഓഗസ്റ്റ് 8 ലെ ഉരുൾപൊട്ടലിലാണ് പാറയ്ക്കാമല - പുല്ലൻപാറ തട്ട് റോഡിലെ കോൺക്രീറ്റ് പാലം തകർത്തെറിയപ്പെട്ടത്. പ്രദേശം ഒറ്റപ്പെട്ടതോടെ ദുരന്തനിവാരണ സേന വൈദ്യുതി തൂണുകൾ ഉപയോഗിച്ച് താൽക്കാലിക പാലം നിർമ്മിച്ചാണ് കാൽനടയാത്ര സാധ്യമാക്കിയത്. ഇന്നും അതേ നടപ്പാലം മാത്രമാണ് ഇവിടെയുള്ളവരുടെ ആശ്രയം. മൂന്ന് മന്ത്രിമാരുടെ സംഘം പ്രദേശം സന്ദർശിച്ച് ദുരന്തത്തിന്റെ ഭീകരത നേരിട്ട് കണ്ടു ബോധ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ല. മഴ പെയ്ത്തു വെള്ളം പൊങ്ങുന്നതോടെ വാണിയപ്പാറയിലെ ക്യാംപിലേക്ക് മാറേണ്ട സ്ഥിതിയിലാണ് പലരും.

'മറ്റൊരു ദുരന്തത്തിന് മുൻപ് റോഡിന്റെയും പാലത്തിന്റെയും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം. അധികൃതരുടെ ഭാഗത്തു നിന്നുള്ള പരിഗണന ഈ വിഷയത്തിൽ ലഭിക്കുന്നില്ല എന്നത് നിരാശാജനകമാണ്. റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആണെന്ന വസ്തുത പോലും അധികൃതർക്കറിയില്ല. ഇത് സാധാരണ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. നിർമ്മാണ പ്രവർത്തിക്ക് പണം അനുവദിച്ചിട്ടുണ്ടെന്നു കേൾക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ഇതിനൊരു പരിഹാരം ഉണ്ടാകണം' വാർഡ് മെമ്പർ ബിജോയ് പ്ലാത്തോട്ടത്തിൽ അഭിപ്രായപ്പെട്ടു.

വള്ളിത്തോട് സെന്റ് ജൂഡ് നഗറിൽ തുടങ്ങി മുടയിരഞ്ഞി -ചരൾ - വാണിയപ്പാറ -പുല്ലൻപാറ തട്ട് -പാറയ്ക്കാമല- മുടിക്കയം വരെയുള്ള 12.5 കിലോമീറ്റർ റോഡിന് ആശ്രയിക്കുന്നവർ ഏറെയാണ്. പാലം തകർന്ന ഭാഗമുൾപ്പെടെ 11 കിലോമീറ്റർ മരാമത്ത് റോഡാണ്. ബാക്കി 1.5 കിലോമീറ്റർ പഞ്ചായത്ത് റോഡും. 700 മീറ്റർ ദൂരം യാത്ര ദുർഘടമാക്കുന്ന രീതിയിൽ റോഡും തകർച്ചയിലാണ്.

'പ്രദേശത്തെ പാവപ്പെട്ട കർഷക കുടുംബങ്ങളെ ഒറ്റപ്പെടുത്തുന്ന സമീപനമാണ് അധികൃതരിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. റോഡുകൾക്ക് പാച്ച് വർക്ക് പോലും നടത്തിയിട്ടില്ല. വാണിയപ്പാറ ടൗണിനെയാണ് ഇവിടുത്തുകാർ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നത്. മഴ കനക്കുന്നതോടെ അതും ദുഷ്കരമാണ്. നിരവധി തവണ അധികൃതർക്ക് മുൻപിൽ നിവേദനവുമായി എത്തിയിട്ടും നടപടി ഉണ്ടായിട്ടില്ല. ആവശ്യം നടന്നു കിട്ടാൻ ഒറ്റക്കാണെങ്കിലും സമരം ചെയ്യാൻ തയ്യാറാണ്'. പ്രദേശവാസിയായ ബിജു സി.ടി പറഞ്ഞു.

കഴിഞ്ഞ രണ്ടു വർഷമായി നാട്ടുകാർ അനുഭവിക്കുന്ന യാത്രാ ക്ലേശത്തിനു ഇക്കുറി അറുതിയാകുമെന്ന പ്രതീക്ഷയും അസ്ഥാനത്താക്കിയാണ് വീണ്ടുമൊരു കാലവർഷം കൂടി എത്തിയിരിക്കുന്നത്. ഇനിയും അധികൃതർ പരിഗണിച്ചില്ലെങ്കിൽ, മറ്റൊരു ദുരന്തമായിരിക്കും പാറയ്ക്കാമലയെ കാത്തിരിക്കുന്നത്. അതുണ്ടാകാതിരിക്കാൻ സമരമുഖത്തേക്കിറങ്ങാനും നാട്ടുകാർ തയ്യാറാണ്.

# സർവീസ് തുടങ്ങാൻ കഴിയാതെ സ്വകാര്യബസുകൾ

**നീതു തങ്കച്ചൻ**

ലോക്ഡൗൺ നിയന്ത്രണങ്ങളിലുള്ള ഇളവുകളെ തുടർന്ന് സർവീസിന് അനുമതി നൽകിയെങ്കിലും നിരത്തിൽ സജീവമാകാൻ കഴിയാതെ സ്വകാര്യബസുകൾ. ബസ്സുടമകൾ നിരത്തിലിറങ്ങാൻ സന്നദ്ധരായിരുന്നു. പക്ഷേ ഒറ്റയക്ക ഇരട്ടയക്ക നിയന്ത്രണം വന്നതോടെ സർവീസ് നടത്താൻ മടിക്കുകയാണ് ഇവർ. ഇൻഷൂറൻസ്, ടാക്സ്, ഫിറ്റ്നസ്, അറ്റകുറ്റപ്പണികൾ തുടങ്ങി വരവിന്റെ ഭൂരിഭാഗവും ചിലവിനായി മാറ്റിവെയ്ക്കേണ്ടതായി വരുന്നു. വർധിച്ചുവരുന്ന ഇന്ധന വിലയും ബസുടമകൾക്ക് ഒരു വെല്ലുവിളിയായി മാറുന്നുണ്ട്.

'ആറളം- ചരൾ എന്നീ റൂട്ടുകളിലാണ് ബസ് സർവീസ് നടത്തുന്നത്. താരതമ്യേനെ യാത്രക്കാർ വളരെ കുറഞ്ഞ മേഖലയായതിനാൽ ബസുകൾ സർവീസ് നടത്തുന്നതുകൊണ്ട് കാര്യമായ നേട്ടം ഉണ്ടായിരുന്നില്ല. കൂടാതെ പൊതുഗതാഗതങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി കൂടുതൽ പേർ കാറുകളിലേക്കും ഇരുചക്രവാഹനങ്ങളിലേക്കും മാറിയതും ബസ് വ്യവസായത്തിന് തിരിച്ചടിയായി'. അങ്ങാടിക്കടവ് റൂട്ടിലോടുന്ന ജെയ്സൺ ബസ്സുടമ സാബു പട്ടമന പറഞ്ഞു.

രണ്ടാം ലോക്ഡൗൺ കൂടി കഴിഞ്ഞ് ബസ് സർവീസിന് അനു മതി ലഭിച്ചിരുന്നു. ബാറ്ററി, ടയർ, പെയിന്റിങ്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വൻതുക മുടക്കേണ്ടി വരുന്നു. അതുകൊണ്ട് കാര്യമായ ഗു




ണമൊന്നും ലഭിക്കുന്നില്ല. ഒന്നിടവിട്ട ദിവസങ്ങളിലും ശനി ഞായർ ദിവസങ്ങളിലും ഓടിക്കാൻ കഴിയാത്തതും അറ്റകുറ്റപ്പണി നടത്തി ബസുകൾ നിരത്തിലിറക്കുന്നതിൽ നിന്നും ഉടമകളെ പിന്തിരിപ്പിക്കുന്നു. നിരത്തിലിറക്കിയാൽ തന്നെ ജീവനക്കാരുടെ ശമ്പളവും മറ്റ് ചിലവുകളും കഴിഞ്ഞാൽ യാതൊരു ലാഭവും ലഭിക്കുന്നില്ല.

'ഒരു ദിവസത്തെ ബസ് ചിലവ് വളരെയധികമാണ്. ഓടിയാലും ഇല്ലെങ്കിലും ഇൻഷൂറൻസ്, ടാക്സ്, ലോൺ എന്നീ വകയിൽ ഏകദേശം 1500 രൂപയാകും. ഓടി തുടങ്ങിയാൽ എഞ്ചിൻ ഓയിൽ, ഗിയർ ഓയിൽ, ഹൗസിംഗ് ഓയിൽ, ഡീസൽ, ടയർ തുടങ്ങിയവയുടെ ചിലവുകൾ കൂടിയുണ്ടാകും. കൂടാതെ ഡീസലിന്റെ വില കൂട്ടിയതും ഒരു തിരിച്ചടിയാണ്'. റോസ് ബസ്സിന്റെ ഉടമ ജോഷി കാരക്കാട്ട് പറഞ്ഞു.

രാവിലെയും വൈകിട്ടും ഒരേസമയത്ത് ബസ്സുകൾ ഓടിയില്ലെങ്കിൽ ജോലിക്ക് പോകുന്നവർക്കും മറ്റും ആശ്രയിക്കാനും കഴിയില്ല. സ്ഥിതി ഇങ്ങനെ തുടരുകയാണെങ്കിൽ ബസ്സുകളുടെ ഓട്ടം നിർത്തുകയോ പൊളിച്ചു വിൽക്കുകയോ ചെയ്യേണ്ടി വരുമെന്ന് ഉടമകൾ അഭിപ്രായപ്പെട്ടു.

# കാട്ടാനകളുടെ വിളയാട്ടം




**അയ്യൻകുന്ന് പഞ്ചായത്തിലെ അട്ടയോലി മലയിൽ കാട്ടാന നശിപ്പിച്ച കൃഷിയിടങ്ങൾ പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന്റെ നേതൃത്വത്തിൽ സന്ദർശിക്കുന്നു.**

**ക്രിസ്റ്റീൻ ലൂയീസ്**

അയ്യൻകുന്ന് പഞ്ചായത്തിലെ അട്ടയോലിയിൽ കാട്ടാനകളുടെ വിളയാട്ടം. കാട്ടാനകൾ നിരവധി വ്യക്തികളുടെ തെങ്ങും വാഴയും മറ്റ് കാർഷിക വിളകളും നശിപ്പിച്ചു. രണ്ട് കാട്ടാനക്കൂട്ടങ്ങളാണ് ഇവിടെ സ്വൈരവിഹാരം നടത്തുന്നത്. ആനകൾ കൃഷിയിടങ്ങളിലേക്ക് കടന്നുവരുന്നത് തടയുവാനുള്ള അടിയന്തര നടപടികൾ അധികൃതർ സ്വീകരിച്ചില്ലെങ്കിൽ മലയോരകർഷകർ കൂടുതൽ പ്രതിസന്ധിയിലാകും. അതിനാവശ്യമായ നടപടികൾ എത്രയും വേഗം അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് കർഷകർ അഭിപ്രായപ്പെട്ടു.

ഉഷ പ്രസാദ് പിച്ചാത്തിക്കല്ലുങ്കൽ, രമണി കരിബനാൽ, ഷിന്റോ എടപ്പാറയ്ക്കൽ, ബെന്നി എടപ്പാറയ്ക്കൽ, ചിന്നമ്മ വള്ളീകാവുങ്കൽ, ബെന്നി പാറയാനി, ബീനോയി പാറയാനി, അബ്ദുൾ റഹ്മാൻ, ദേവസ്യ കണ്ണൻകുളം എന്നിവരുടെ കൃഷിയിടങ്ങളാണ് ആന നശിപ്പിച്ചത്.

ആന കൃഷിനാശം നടത്തിയ സ്ഥലങ്ങൾ അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളികുന്നേലിന്റെ നേതൃത്വത്തിൽ സ്ഥിരം സമിതി അദ്ധ്യക്ഷ മിനി വിശ്വനാഥൻ മെമ്പർമാരായ സജി മച്ചിതാന്നി, സീമ സനോജ് സന്ദർശിച്ചു. ഇരിട്ടി സെക്ഷൻ ഫോറസ്റ്റർ ജിജിൽ. കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ കെ വി ശിവശങ്കർ, മുഖ്താർ അബ്ദുൾ ഹഖ്, വാച്ചറായ ബെന്നി ജോസ്, ജയിംസ് മാത്യു , നാരായണൻ ആറ്റിങ്ങൽ, ഷിന്റോ പറയാനി, ജിൻസ് എന്നിവരും സന്നിഹിതായിരുന്നു.

# ഓൺലൈൻ കൈത്താങ്ങ്

ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് ആവശ്യമായ മൊബൈൽ ഫോണുകൾ വിതരണം ചെയ്യാൻ അയ്യൻകുന്ന് പഞ്ചായത്ത് തീരുമാനിച്ചു. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, ഈ പഞ്ചായത്തിൽ ഉൾപ്പെട്ട എന്നാൽ മറ്റു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ പരിഗണിക്കും. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലാണ് മൊബൈൽ ഫോണുകൾ വിതരണം ചെയ്യുക. പ്രധാന അദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും സ്കൂൾ ജാഗ്രത നോഡൽ ഓഫീസർമാരുടെയും യോഗം വിളിച്ചുക്കൂട്ടി അതിനുള്ള നടപടികൾ ആരംഭിച്ചു. പഞ്ചായത്ത് നടത്തിയ കണക്കെടുപ്പിൽ നൂറ്റിയമ്പതോളം വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പഠനസൗകര്യമില്ലാത്തതെന്ന് നേരത്തെ കണ്ടെത്തുകയും, ഗവർണമെന്റ് വിതരണം ചെയ്യുന്ന ഓൺലൈൻ പഠന സൗകര്യ പദ്ധതിയിലേയ്ക്ക് അപേക്ഷ നല്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് കുട്ടികൾക്ക് മാത്രമാണ് ഗവർണമെന്റിൽ നിന്നും സഹായം നല്കിയത്. അതു കൊണ്ടാണ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ പദ്ധതി പ്രായോഗികതലത്തിലെത്താൻ കാലതാമസമെടുത്തതെന്ന് പഞ്ചായത്ത് പ്രസിണ്ടന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

വാർത്തകൾക്കും പരസ്യങ്ങൾക്കുമായി വിളിക്കൂ...
9496698531

## എഡിറ്റോറിയൽ

### സ്വകാര്യ ബസ് തൊഴിലാളികളുടെ സങ്കടങ്ങൾ ആരറിയാൻ...

ഓട്ടം മുന്നോട്ടാണ്ണെങ്കിലും പ്രതിസന്ധിയുടെ കരകാണാകയത്തിലാണ് സ്വകാര്യ ബസ് സർവീസ് മേഖല. കോവിഡ് സാഹചര്യങ്ങൾക്കു മുൻപേ തന്നെ സ്വകാര്യ ബസ് വ്യവസായം തകർന്നു തുടങ്ങിയിരുന്നു. ദിനംപ്രതി വർധിച്ചുവരുന്ന ഡീസൽ വില, അറ്റകുറ്റപ്പണികൾ, ഇൻഷുറൻസ്, ക്ഷേമനിധി, പെർമിറ്റ് ചാർജ് ഇങ്ങനെ ബസ് സർവീസ് നേരിടുന്ന ചിലവുകൾ അനവധിയാണ്. ഈ സാഹചര്യത്തിലാണ് പല ബസുടമകളും ബസ് സർവീസ് തൊഴിലാളികളെ ഏൽപ്പിക്കുന്നത്. ചിലവുകൾ എല്ലാം തട്ടി കിഴിക്കുമ്പോൾ തൊഴിലാളികൾ പട്ടിണിയിലാകും. അർഹിക്കുന്ന വേതനം ലഭിക്കുന്നില്ല എന്ന് മാത്രമല്ല ഓരോ സർവീസുകളും പൂർത്തിയാക്കാൻ ഇവർ അനുഭവിക്കുന്ന മാനസികസംഘർഷങ്ങൾ നിരവധിയാണ്. കൃത്യമായ സമയക്രമം പാലിച്ച് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കി ലക്ഷ്യത്തിലെത്തുക എന്നത് ഏറെ ശ്രമകരമായ ജോലിയാണ്. പലപ്പോഴും ചെറിയ പാളിച്ചകൾ സംഭവിച്ചാൽ ബസ് തൊഴിലാളികൾ പൊതുജനങ്ങളുടെ അടക്കം ആക്രമണങ്ങൾക്ക് വിധേയരാകാറുണ്ട്. പലരും ബസ് മേഖല വിട്ട് ഓട്ടോറിക്ഷ അടക്കമുള്ള ചെറുവാഹനങ്ങളിലേക്ക് ചേക്കേറി കഴിഞ്ഞു. ക്ലീനർ തസ്തിക ഒഴിവാക്കിക്കൊണ്ട് കണ്ടക്ടർമാർ പല ബസ്സുകളിലും അധിക ജോലികൾ ചെയ്യുന്നു. കോവിഡ് കാലത്ത് മാസങ്ങളോളം ഒരു ജോലിയുമില്ലാതെ ബസ് തൊഴിലാളി കുടുംബങ്ങൾ മുഴുപട്ടിണിയിലായി. മലയോര മേഖലകളിലേക്കുള്ള സർവീസുകൾ യാത്രക്കാരുടെ ബാഹുല്യം കൊണ്ട് ഏറെ ലാഭകരമായിരുന്നെങ്കിലും ഇന്ന് ഈ സർവീസുകൾ ഏറെ നഷ്ടത്തിലാണ്. പെരുകിവരുന്ന ടൂവീലർ അടക്കമുള്ള സ്വകാര്യ വാഹനങ്ങളും അനധികൃത സമാന്തര സർവീസുകളും ബസ് മേഖലയ്ക്ക് വൻ ഭീഷണിയാണ്. സർക്കാർ ബസ് ജീവനക്കാരെയും അവരുടെ കുടുംബങ്ങളെയും പ്രത്യേക പരിഗണന നൽകി കൊണ്ട് സാമ്പത്തിക പാക്കേജുകളടക്കം പ്രഖ്യാപിച്ച് തൊഴിലാളി കുടുംബങ്ങളെ അടിയന്തരമായി സംരക്ഷിക്കേണ്ടയിരിക്കുന്നു.

-എഡിറ്റർ

## 'ഹെർ 2021' ശ്രദ്ധേയമാകുന്നു.

**അഭിറാം കെ. കെ.**

'കോവിഡ് കാലത്തെ പ്രണയം' എന്ന വിഷയത്തെ ആസ്പദമാക്കി അങ്ങാടികടവ് ഡോൺ ബോസ്കോ കോളേജിലെ ജേർണലിസം വിഭാഗം അധ്യാപകരും വിദ്യാർത്ഥികളും ചേർന്നൊരുക്കിയ 'ഹെർ 2021' എന്ന ഹ്രസ്വചിത്രം ശ്രദ്ധേയമാകുന്നു. വ്യത്യസ്തമായ ആവിഷ്കാരം കൊണ്ടും അഭിനയമികവ് കൊണ്ടും പെട്ടെന്നുതന്നെ പ്രേക്ഷകശ്രദ്ധയാകർഷിക്കാൻ ചിത്രത്തിനു കഴിഞ്ഞു.

ഷാനു സൽമാൻ സംവിധാനവും പ്രവീൺ പി. എഫ് രചനയും നിർവഹിച്ച ചിത്രത്തിന്റെ അണിയറ പ്രവർത്തകർ ഡോൺ ബോസ്കോ കോളേജിലെ ജേർണലിസം വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളുമാണ്. കൊവിഡ് നിലനിൽക്കുന്ന സാഹചര്യത്തിൽ വളരെയേറെ പരിമിതിക്കുള്ളിൽ നിർമ്മിച്ച ഹ്രസ്വചിത്രത്തിന്റെ ചിത്രീകരണം രണ്ടു ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത്.

ചിത്രത്തിൽ പ്രധാന വേഷം കൈകാര്യം ചെയ്ത ഹരിഗോവിന്ദിന്റെ പ്രകടനം ഏറെ പ്രശംസ അർഹിക്കുന്നതാണ് സംവിധാന മികവും ക്യാമറ വർക്കും ചിത്രത്തിലെ ദൃശ്യഭംഗിയെ വേറിട്ടുനിർത്തുന്നു. സോഷ്യൽ മീഡിയയിൽ തരംഗം സൃഷ്ടിച്ച ചിത്രം ഇതിനോടകം തന്നെ പതിനഞ്ചായിരത്തിലധികം ആളുകൾ കണ്ടുകഴിഞ്ഞു.

കറുപ്പിന്റെ രാഷ്ട്രീയവും കോവിഡ് കാലത്ത് അനുഭവിക്കുന്ന ഒറ്റപ്പെടലും തുറന്നുകാട്ടുന്ന ഹൃസ്വചിത്രത്തിന്റെ ഓൺലൈൻ റിലീസ് നിർവഹിച്ചത് പ്രശസ്ത ചലച്ചിത്രതാരം സണ്ണി വെയിൻ ആണ്. ജൂൺ 16ന് അദ്ദേഹം തന്റെ ഫേസ്ബുക്ക് പേജിലൂടെയാണ് ചിത്രം റിലീസ് ചെയ്തത്.




ഷോർട്ട്ഫിലിം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

## തടിമില്ല് മേഖല വൻ പ്രതിസന്ധിയിൽ

**ചെറുപുഷ്പം പാറയ്ക്കൽ**

സിമന്റ്, അലുമിനിയം, ഫൈബർ ഉൽപ്പന്നങ്ങളുടെ ഉപയോഗം മരമില്ല് സ്ഥാപനങ്ങൾക്ക് വെല്ലുവിളിയാകുന്നു. കൂടുതൽ തൊഴിലാളികൾ ഒന്നിച്ച് പ്രവർത്തിക്കേണ്ട മേഖലയായതിനാൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ജോലി ചെയ്യാൻ കഴിയാത്തതും തടിമില്ല് മേഖലയിൽ ഏറെ ആഘാതം സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ സമീപപ്രദേശത്തു നിന്നുള്ള മരങ്ങളാണ് കൂടുതലായും ഉരുപ്പടികൾക്കായി ഉപയോഗിക്കുന്നത് . കോവിഡ് മൂലം അതും ലഭിക്കാത്ത സ്ഥിതിയാണ്. ആയതിനാൽ മിക്ക സ്ഥാപനങ്ങളും നിർത്തിവെച്ചിരിക്കുന്ന അവസ്ഥയിലാണുള്ളത്. പ്രദേശത്തെ പതിനഞ്ചോളം വരുന്ന ജീവനക്കാരുടെ ജീവിതസ്ഥിതി ദയനീയമായി തുടരുന്നു. മരത്തിനു പകരം സിമന്റ്, കമ്പി, ഫൈബർ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ ആളുകൾ താല്പര്യം കാണിക്കുന്നതും തടിമില്ല് വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ജനൽ, വാതിൽ എന്നീ ആവശ്യങ്ങൾക്ക് നല്ലൊരു ശതമാനവും സിമന്റ് ഉൽപന്നങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്, ജനൽ ചട്ടങ്ങൾ പൂർണമായും അലുമിനിയം ഫൈബറിനു വഴിമാറി കഴിഞ്ഞു. മരത്തിന്റെ വിലയും പണിക്കൂലിയും കണക്കാക്കുമ്പോൾ അലുമിനിയം ഫൈബർ സിമന്റ് ഉൽപ്പന്നങ്ങൾ ഏറെ ലാഭകരമാണെന്നുള്ളത് മരം ഉപേക്ഷിക്കുവാൻ ആളുകളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് മില്ലുകളിലെ തൊഴിൽ ക്ഷാമം രൂക്ഷമായി തുടരുന്നു.

'മില്ലിലെ ജോലികൾ സാധാരണഗതിയിൽ നിന്നും തീരെ കുറവായി തുടരുമ്പോഴാണ് കോവിഡ് രണ്ടാം തരംഗവും ഒപ്പം ലോക്ഡൗണും പ്രഖ്യാപിക്കുന്നത്, ആദ്യഘട്ടത്തിൽ നിന്ന് ഏറെക്കുറെ കരകയറി വരുമ്പോഴാണ് വീണ്ടും ലോക്ഡൗൺ. മരം ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയുന്നതും ഭാവിയിലേക്ക് ഇനി എന്ത് എന്ന അവസ്ഥയിലേക്ക് എത്തിച്ചിരിക്കുകയാണ്'. മില്ല് ജീവനക്കാരൻ ജോബി പി.കെ അഭിപ്രായപ്പെട്ടു.

'വൻ തുക ബാങ്കിൽ നിന്നും കടമെടുത്താണ് കൂടിയ മുതൽമുടക്കുള്ള തടിമില്ലുകൾ മലയോരത്ത് സ്ഥാപിച്ചത്. വൈദ്യുതി, ബാങ്ക് അടവുകൾ തുടങ്ങി ചിലവുകൾ നേരിടുവാൻ ഉടമകൾ നെട്ടോട്ടമോടുകയാണ്. മില്ലുകളെ മാത്രം ആശ്രയിച്ചു കഴിയുന്ന തൊഴിലാളി കുടുംബങ്ങൾ അർദ്ധ പട്ടിണിയിൽ നിന്നും മുഴുപട്ടിണിയിലേക്ക് കൂപ്പുകുത്തി. ഈ രീതിയിൽ മരവ്യവസായം എത്രനാൾ മുന്നോട്ടു പോകുമെന്നുള്ള ആശങ്ക' പ്രദേശത്തെ മരമില്ല് ഉടമ കൂടിയായ ജോസഫ് കെ. പി പങ്കുവെച്ചു.

## കോവിഡ് കാലത്തും ലൈവായി ഡോൺ ബോസ്കോ കോളേജ്

**അഭിറാം കെ. കെ.**

ലോക്ഡൗൺ കാലത്ത് ഓൺലൈൻ കലാപരിപാടികൾ നടത്തി മാതൃകയാവുകയാണ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ്. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചു. 'നേരിട്ട് കോളേജിലേക്ക് പോകാൻ പറ്റാത്ത ഒരു സാഹചര്യത്തിൽ ശാരീരികമായി അകലം പാലിച്ചുകൊണ്ട് മാനസികമായും സാമൂഹികമായും അടുക്കുവാൻ ഓൺലൈൻ കലാപരിപാടികൾ വിദ്യാർത്ഥികളെയും അധ്യാപകരെയും ഏറെ സഹായിച്ചിട്ടുണ്ട്. വീട്ടിലിരിക്കുന്ന വിദ്യാർഥികൾക്ക് ക്രിയാത്മകമായി ചിന്തിക്കാനും പ്രവർത്തിക്കാനും ഇത്തരം പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്' എന്ന് കോളേജ് മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശേരി പറഞ്ഞു.

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിവിധ കോളേജുകൾക്കായി 'സ്കില്ലോസോഫിയ' എന്നപേരിൽ വെബിനാർ സംഘടിപ്പിച്ചു. നിയമാസഭ സ്പീക്കർ എം.ബി. രാജേഷ് ആണ് ഉത്ഘാടനം നിർവഹിച്ചത്. കോവിഡാനന്തര രോഗലക്ഷണങ്ങളും പ്രതിവിധികളും എന്ന വിഷയത്തെക്കുറിച്ച് സംശയനിവാരണം നടത്തുന്നതിനായി വള്ളിത്തോട് പി എച്ച് സി യിലെ മെഡിക്കൽ ഓഫീസർ ഡോ.ജെബിൻ അബ്രഹാമിന്റെ നേതൃത്വത്തിൽ വെബിനാർ നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ' You Only Live Once ' എന്ന പേരിൽ ഡിജിറ്റൽ പോസ്റ്റർ മേക്കിങ്, ബോട്ടിൽ ആർട്ട് എന്നീ മത്സരങ്ങൾ നടത്തി. 'Share Facts On Drugs Save Life' എന്ന വിഷയത്തെ ആസ്പദമാക്കി പൊന്നിയം ലഹരി വിമുക്ത കേന്ദ്രത്തിലെ കൗൺസിലർ മനു മാത്യുവിന്റെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിച്ചു.

കോളേജിലെ എൻഎസ്എസ് യൂണിറ്റ് അന്താരഷ്ട്ര മാതൃദിനത്തിൽ 'അമ്മയ്ക്കൊരുമ്മ' എന്ന പേരിൽ ക്ലാസ്സും അന്താരാഷ്ട്ര നേഴ്സസ് ദിനത്തിൽ ഇരിട്ടി പി എച്ച് സിയിലെ ഹെഡ് നേഴ്സ് ആലീസ് സേവിയറിന്റെ നേതൃത്വത്തിൽ ക്ലാസ്സും നടത്തി. കോളേജിലെ സോഷ്യൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കോവിഡ് മഹാമാരിക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസും, പ്രകൃതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടലും , ഫോട്ടോഗ്രാഫി മത്സരവും നടത്തി. വായനാദിനത്തിൽ 'മാറുന്ന വായനാ സംസ്കാരം' എന്ന വിഷയത്തിൽ സംവാദവും നടത്തി. യോഗാ ദിനത്തോടനുബന്ധിച്ച് 'പ്രാണ' 2021 എന്ന പേരിൽ ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന യോഗ ക്യാമ്പയിൻ സംഘടിപ്പിച്ചു. ജൂൺ 21 ന് ആരംഭിച്ച പരിപാടി 26നാണ് അവസാനിച്ചത്

കോവിഡ് മാനദണ്ഡങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തവണത്തെ ആർട്സ് മത്സരങ്ങൾ ഓൺലൈനായി നടത്താൻ കോളേജ് അധികൃതർ തീരുമാനിച്ചു. വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ കലാപരിപാടികൾ നടത്താനാണ് തീരുമാനം. ജൂലൈ 1 മുതൽ 8 വരെയാണ് ഓൺലൈൻ കലോത്സവം നടത്തുന്നത്.

കോവിഡ് കാലത്ത് വിദ്യാർത്ഥികളെയും കുടുബാംഗങ്ങളെയും ജീവനക്കാരെയും സമർപ്പിച്ചുകൊണ്ട് കോളേജിലെ വൈദീകരുടെ നേതൃത്വത്തിൽ ആരാധനയും പ്രാർത്ഥനയും ഓൺലൈനായി നടത്തി വരുന്നു.

## മത്സ്യകൃഷി പദ്ധതികൾക്കായുള്ള അപേക്ഷകൾ ക്ഷണിച്ച് കൃഷിഭവൻ

രണ്ടാം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കരിക്കോട്ടക്കരി കൃഷിഭവനിലേക്ക് വിവിധ മത്സ്യകൃഷികൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി (മിനിമം 10 സെന്റ്), സ്വകാര്യ കുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, പൊതു കുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, ശാസ്ത്രീയ ഓരുജല മത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ചെമ്മീൻ കൃഷി, ഞണ്ട് കൊഴുപ്പിക്കൽ / ഞണ്ട് കൃഷി, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി(മിനിമം 2 സെന്റ്), ബയോഫ്ളോക്ക്, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, ശുദ്ധജല കൂടുകൃഷി, കല്ലുമ്മേക്കായ കൃഷി/ മുരുകൃഷി, പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് എന്നീ കൃഷികൾ ചെയ്യുന്നതിന് താല്പര്യമുള്ള കർഷകരിൽനിന്നാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. അപേക്ഷാഫോമുകളും വിശദവിവരങ്ങളും കണ്ണൂർ മാപ്പിളബേയിലുള്ള 'മത്സ്യകർഷക വികസന ഏജൻസിയിൽ' നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2021 ജൂലൈ 15ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണെന്ന് ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (എഫ് . എഫ്. ഡി. എ) ചീഫ് എക്സി ക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**വിശദവിവരങ്ങൾക്ക്-**

**0497-2732340**

## 'ഒപ്പമുണ്ട് കണ്ണൂർ': കോളേജ് വിദ്യാർത്ഥികളും കൈകോർക്കുന്നു

തൊവീത്തോ പോജി

കോവിഡാനന്തര രോഗികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുവാൻ കണ്ണൂർ ജില്ലയിൽ ആരംഭിച്ച 'ഒപ്പമുണ്ട് കണ്ണൂർ' പദ്ധതിയുമായി സഹകരിക്കുവാൻ സന്നദ്ധരായി കോളേജ് വിദ്യാർത്ഥികൾ. അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എം എസ് ഡബ്ല്യു , എം എ സൈക്കോളജി വിഭാഗങ്ങളിലെ വിദ്യാർഥികളാണ് സന്നദ്ധ സേവനം നടത്തുന്നത്. കണ്ണൂർ ജില്ലാ മാനസിക ആരോഗ്യ പദ്ധതിയുടെ (ഡി എം എച്ച് പി) ഭാഗമായാണ് 'ഒപ്പമുണ്ട് കണ്ണൂർ' സംഘടിപ്പിച്ചിരിക്കുന്നത്.

എല്ലാ ദിവസവും രാവിലെ 10.00 മുതൽ വൈകുന്നേരം 4 മണി വരെയാണ് കൗൺസിലിങ്ങ് സമയം. ഏജൻസി സൂപ്പർവൈസർമാരുമായി സഹകരിച്ച് അധ്യാപകർ മാനസിക സാമൂഹിക പുനരധിവാസത്തിന് മേൽനോട്ടം വഹിക്കുന്നു.

ആശുപത്രികളിലും വീടുകളിലും മറ്റു സ്ഥാപനങ്ങളിലും കോവിഡ് പോസിറ്റീവായി കഴിയുന്നവർ, വിദേശങ്ങളിൽ നിന്നെത്തി ക്വാറന്റീനിൽ കഴിയുന്നവർ, ക്വാറന്റീൻ പൂർത്തിയാക്കിയവർ എന്നീ മൂന്ന് വിഭാഗങ്ങൾക്കാണ് കൗൺസിലിങ്ങ് നൽകി വരുന്നത്.

'കോവിഡ് മൂലം ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് രോഗികൾ അസ്വസ്ഥരാണെന്ന് കൗൺസിലിങ്ങ് നടത്തുമ്പോൾ വ്യക്തമാകുന്നു. ഇവരുമായി നല്ല ബന്ധം വളർത്തിയെടുക്കുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഗാർഹിക പരിചരണത്തിലൂടെ സ്വാഭാവിക അവസ്ഥയിലേയ്ക്ക് മടക്കികൊണ്ടുവരാനാകും'. ഡോൺ ബോസ്കോ കോളേജ് സൈക്കോളജി വിഭാഗം മേധാവി ഫാ. ഡോ. കുരിയാക്കോസ് പള്ളിക്കുന്നേൽ പറഞ്ഞു.

ഉറക്കക്കുറവ്, ഉത്ക്കണ്ഠ, മാനസിക സമ്മർദ്ദം എന്നിവയാണ് രോഗികളിൽ കണ്ടുവരുന്ന പ്രധാന പ്രശ്നങ്ങൾ. കോവിഡ് വൈറസിനോടുള്ള ഭീതിയും പ്രിയപ്പെട്ടവരുടെ മരണവുമാണ് ഇത്തരം അസ്വസ്ഥതകളുടെ പ്രധാന കാരണം. സാമ്പത്തിക തകർച്ച, ഭക്ഷണ വസ്തുക്കളുടെ ലഭ്യത കുറവ്, മാനസികമായ മറ്റു പ്രശ്നങ്ങൾ എന്നിവയാണ് ഈ അവസ്ഥയിലേക്ക് നയിക്കുന്ന മറ്റുകാരണങ്ങൾ.







For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: ചെറുപുഷ്പം പാറയ്ക്കൽ | സബ് എഡിറ്റേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിറാം കെ. കെ., നീതു തങ്കച്ചൻ, ഡെൽന ഡേവിസ്, തൊവീത്തോ പോജി | ഫോട്ടോഗ്രാഫേഴ്സ്: ക്രിസ്റ്റീൻ ലൂയീസ്, അഭിരാം കെ., നീതു തങ്കച്ചൻ | ഡിസൈൻ: വിപിൻ വില്ല്യം